## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 649** **08/08/2017-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എൻ. ഷംസുദ്ദീൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (എ) | കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രൊഫ. എം.എസ്. ശ്രീറാം ചെയർമാനായി സർക്കാർ 5 അംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ദ്ധ സമിതി 28.04.2017 ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കേരള സഹകരണ ബാങ്ക് രൂപീകരണം പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നതിനായി നബാർഡിൽ നിന്നും ചീഫ് ജനറൽ മാനേജരായി റിട്ടയർ ചെയ്ത ശ്രീ. വി.ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിച്ചിട്ടുണ്ട്. ഇപ്രകാരം നിയോഗിച്ച ടാസ്ക് ഫോഴ്സ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടാസ്ക് ഫോഴ്സിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് സർക്കാർ നിയോഗിച്ച ഡോ. എം.എസ്. ശ്രീറാം കമ്മിറ്റിയുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന പ്രധാന വസ്തുതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രീറാം കമ്മിറ്റിയുടെ മുഖ്യമായ ശുപാർശകൾ താഴെ പറയുന്നവയാണ്.<br>1. നിലവിലുള്ള ത്രിതല സമ്പ്രദായം നിർത്തലാക്കി ദ്വിതല സമ്പ്രദായം നടപ്പിലാക്കാൻ കമ്മിറ്റി ശുപാർശ ചെയ്തു.<br>2. ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും സംയോജിപ്പിച്ച് ഒരു പൂർണ്ണ സേവനം പ്രദാനം ചെയ്യുന്ന കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് ആരംഭിക്കാൻ ശുപാർശ ചെയ്തു. പ്രാഥമിക ബാങ്കുകളായിരിക്കും ഈ ബാങ്കിന്റെ മുഖ്യ ഓഹരി ഉടമകൾ. |

| | | | |
|---|---|---|---|
| | | | 3. പ്രാഥമിക സംഘങ്ങളെ ശക്തിപ്പെടുത്തി സഹകാരികളുടെ ആവശ്യങ്ങൾ പ്രദാനം ചെയ്യുന്ന ഒരു സേവന കേന്ദ്രമാക്കി മാറ്റുന്നതിന് ശുപാർശ ചെയ്തു.<br>4. കേരള ബാങ്കും പ്രാഥമിക സഹകരണ ബാങ്കുകളും തമ്മിലുള്ള മത്സരം ഒഴിവാക്കി ഇവയുടെ സേവനങ്ങൾ വ്യക്തമായി വേർതിരിച്ച് നിർവ്വചിക്കാൻ ശുപാർശ ചെയ്തു.<br>5. കേരളത്തിന്റെ വികസനത്തിന് ഗുണഫലമാകുന്ന രീതിയിൽ ധനകാര്യ സേവനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും നൽകാൻ നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്തു.<br>6. ആധുനിക ബാങ്കിംഗ് രംഗത്തെ മാറ്റങ്ങൾ പുതിയ ബാങ്കിലും പ്രദാനം ചെയ്യുന്നതിന് ശുപാർശ ചെയ്തു.<br>7. ഒരു ധനകാര്യ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാൻ ശുപാർശ ചെയ്തു.<br><br>ശ്രീറാം കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിദഗ്ധ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ ശുപാർശകളിലെ പ്രായോഗികത പരിശോധിച്ച് ടാസ്ക് ഫോഴ്സ് നൽകുന്ന റിപ്പോർട്ടിന്റെയും പൊതുജനങ്ങളിൽ നിന്നു കിട്ടുന്ന അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ, സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (സി) | കേരള ബാങ്ക് രൂപീകരിക്കുമ്പോൾ വിവിധ സഹകരണ ബാങ്കുകളിൽ ഉളവാകുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | കേരള സഹകരണ ബാങ്ക് രൂപീകരിക്കുമ്പോൾ വിവിധ സഹകരണ ബാങ്കുകളിൽ പ്രശ്നങ്ങൾ ഉളവാകുമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ